# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME:6.30 PM** **DATE:20.01.2025**

### പ്രധാനവാർത്തകൾ

1.) മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിന് ചരമോപചാരം അർപ്പിച്ച് കേരള നിയമസഭ. മതനിരപേക്ഷ മൂല്യങ്ങളിൽ അടിയുറച്ചു നിന്ന വ്യക്തിത്വമായിരുന്നു മൻമോഹൻ സിങ്ങെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2) സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് രണ്ടു ഗഡു പെൻഷൻകൂടി അനുവദിച്ച് സംസ്ഥാന സർക്കാർ.

3) പാറശ്ശാല ഷാരോൺ വധക്കേസിൽ ഒന്നാം പ്രതി ഗ്രീഷ്മയ്ക്ക് വധശിക്ഷ. കേസ് അപൂർവത്തിൽ അപൂർവമെന്ന് കോടതി.

4) കൊൽക്കത്ത ആർജി കർ മെഡിക്കൽ കോളേജിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ, പ്രതി സഞ്ജയ് റോയിയ്ക്ക് ജീവപര്യന്തം.

5) ആയുഷ് സാമ്പിൾ സർവേയിൽ ദേശീയ ശരാശരിയേക്കാൾ ഉയർന്ന പ്രകടനം കാഴ്ചവച്ച് കേരളം.

6) ഉത്തരാഖണ്ഡിൽ ഈ മാസം 28 ന് ആരംഭിക്കുന്ന ദേശീയ ഗെയിംസിൽ കേരളം 29 ഇനങ്ങളിൽ മാറ്റുരയ്ക്കും.

&&&&&&&&&&&&&&&&&&&&&&&

RNU TVPM

*നിയമസഭ (ഇൻട്രോ)*

***മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിന് ചരമോപചാരം അർപ്പിച്ച് കേരള നിയമസഭ. മതനിരപേക്ഷ മൂല്യങ്ങളിൽ അടിയുറച്ചു നിന്ന വ്യക്തിത്വമായിരുന്നു മൻമോഹൻ സിങ്ങെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ പ്രശംസനീയ നിലപാടുകൾ അദ്ദേഹം സ്വീകരിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.***

*(ഹോൾഡ് വോയ്സ്...)*

***സൗമ്യത കാത്തുസൂക്ഷിക്കുമ്പോഴും തീരുമാനങ്ങളിൽ കാർക്കശ്യം പുലർത്തിയ പ്രധാനമന്ത്രിയായിരുന്നു മൻമോഹൻ സിങ് എന്ന് സ്പീക്കർ എ എൻ ഷംസീർ ചരമോപചാരത്തിൽ അനുസ്മരിച്ചു. ലോകം മുഴുവൻ ആദരിച്ച സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നു മൻമോഹൻസിങ് എന്നും അദ്ദേഹം നടപ്പാക്കിയ കാര്യങ്ങൾ ചരിത്രത്തിന്റെ ഭാഗമാണെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. വിവിധ കക്ഷിനേതാക്കളും മുൻ പ്രധാനമന്ത്രിക്ക് ചരമോപചാരം അർപ്പിച്ചു. തുടർന്ന് ഇന്നത്തേക്ക് പിരിഞ്ഞ സഭ നന്ദിപ്രമേയ ചർച്ചകൾക്കായി നാളെ വീണ്ടും ചേരും.***

RNU TVPM

&&&&&&&&&&&&&&&&&&&&&&

**ക്ഷേമ പെൻഷൻ**

സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് രണ്ടു ഗഡു പെൻഷൻകൂടി അനുവദിച്ച് സംസ്ഥാന സർക്കാർ. 1,604 കോടി രൂപ പെൻഷൻ വിതരണത്തിന് അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം ഗുണഭോക്താക്കൾക്കാണ് 3,200 രൂപവീതം ലഭിക്കുന്നത്. വെള്ളിയാഴ്ച മുതൽ പെൻഷൻ ലഭിച്ചുതുടങ്ങും. ജനുവരിയിലെ പെൻഷനൊപ്പം കുടിശിക ഗഡുക്കളിൽ ഒന്നുകൂടിയാണ് ഇപ്പോൾ അനുവദിച്ചത്.

&&&&&&&&&&&&&&&&&&&&&&

**ഷാരോൺ കേസ്**

പാറശ്ശാല ഷാരോൺ വധക്കേസിലെ ഒന്നാം പ്രതി ഗ്രീഷ്മയ്ക്ക് വധശിക്ഷ. നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി ആണ് ശിക്ഷ വിധിച്ചത്. നടന്നത് ആസൂത്രിത കൊലപാതകമാണെന്നും, അപൂർവങ്ങളിൽ അപൂർവമായ കേസാണിതെന്നും കോടതി വിധിന്യായത്തിൽ വ്യക്തമാക്കി. 2 ലക്ഷം രൂപ പിഴയും ഗ്രീഷ്മയ്ക്ക് ചുമത്തിയിട്ടുണ്ട്. തെളിവ് നശിപ്പിച്ചെന്ന കുറ്റത്തിന് മൂന്നാം പ്രതിയും ഗ്രീഷ്മയുടെ അമ്മാവനുമായ നിർമല കുമാരന് മൂന്നു വർഷം തടവ് ശിക്ഷയും കോടതി വിധിച്ചു. സമർത്ഥമായി അന്വേഷണം നടത്തിയ കേരളാ പോലീസിനെ കോടതി പ്രത്യേകം അഭിനന്ദിച്ചു. 2022 ഒക്ടോബറിൽ ഷാരോണിനെ, പ്രതി ഗ്രീഷ്മ വീട്ടിലേക്ക് വിളിച്ചുവരുത്തി കളനാശിനി കലർത്തിയ കഷായം നൽകിയതാണ് കേസിന് ആസ്പദമായ സംഭവം. തെളിവുകളുടെ അഭാവത്തിൽ ഗ്രീഷ്മയുടെ അമ്മ സിന്ധുവിനെ കോടതി വെറുതെ വിട്ടിരുന്നു.

&&&&&&&&&&&&&&&&&&&&&&

PNI TVPM

**ഷാരോൺ പ്രതികരണം**

ഷാരോൺ വധക്കേസിൽ പ്രതി ഗ്രീഷ്മയ്ക്ക് വധശിക്ഷ ലഭിച്ചത് കൂട്ടായ പ്രവർത്തനത്തിൻറെ വിജയമാണെന്ന് പബ്ലിക് പ്രോസിക്യൂട്ടർ വി എസ് വിനീത് കുമാർ പറഞ്ഞു. വിധിയിൽ തൃപ്തയാണെന്നും നീതിന്യായ വ്യവസ്ഥയിലും നൂറ് ശതമാനം വിശ്വാസമുണ്ടെന്നും ഷാരോണിൻ്റെ അമ്മ മാധ്യമങ്ങളോട് പ്രതികരിച്ചു.

&&&&&&&&&&&&&&&&&&&&&&

**ആർജി കർ**

കൊൽക്കത്ത ആർജി കർ മെഡിക്കൽ കോളേജിൽ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ, പ്രതി സഞ്ജയ് റോയിയ്ക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ച് സീൽദ സെഷൻസ് കോടതി. പെൺകുട്ടിയുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ 17 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും കോടതി വ്യക്തമാക്കി. കേസ് അപൂർവ്വത്തിൽ അപൂർവ്വമല്ലെന്നും കോടതി

നിരീക്ഷിച്ചു. കഴിഞ്ഞ ഓഗസ്റ്റിൽ, ആർജി കർ മെഡിക്കൽ കോളേജിലെ സെമിനാർ ഹാളിൽ വച്ചാണ് അതിക്രൂരമായ കൊലപാതകം നടന്നത്. തുടക്കത്തിൽ കൊൽക്ക പോലീസ് അന്വേഷിച്ചിരുന്ന കേസ് പ്രതിഷേധങ്ങൾക്കൊടുവിൽ സി.ബി.ഐ ഏറ്റെടുക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&&

<u>ദേശീയ ആയുഷ് സാമ്പിൾ സർവേ</u>

നാഷണൽ സാമ്പിൾ സർവേയുടെ ഭാഗമായി നടന്ന ദേശീയ ആയുഷ് സാമ്പിൾ സർവേയിൽ കേരളത്തിന് മികച്ച നേട്ടം. ആയുഷ് ചികിത്സാരീതികളുടെ ഉപയോഗം, ഔഷധ സസ്യങ്ങൾ, പാരമ്പര്യ അറിവുകൾ തുടങ്ങിയവ സംബന്ധിച്ച് നടന്ന സർവ്വേയിൽ ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണ് കേരളം .സംസ്ഥാന ആയുഷ് വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

<u>സുഗതോത്സവം</u>

കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് മറ്റന്നാൾ ആറന്മുളയിൽ ഉദ്ഘാടനം ചെയ്യും. 'സുഗതോത്സവം' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയുടെ ഭാഗമായി കവിതാലാപനം, ഉപന്യാസ മത്സരം, വൃക്ഷത്തൈ നടീൽ തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&&&&&

<u>ഗവർണർ</u>

ജനുവരി 26 ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ രാവിലെ 9 മണിക്ക് ദേശീയ പതാക ഉയർത്തും. റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിക്കുന്ന ഗവർണർ തുടർന്ന് റിപ്പബ്ലിക് ദിന സന്ദേശവും നൽകും.

&&&&&&&&&&&&&&&&&&&&&&

**38-ാമത് ദേശീയ ഗെയിംസ്, ഉത്തരാഖണ്ഡ്**

ഈ മാസം 28 മുതൽ ഉത്തരാഖണ്ഡിൽ ആരംഭിക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളം 29 കായിക ഇനങ്ങളിൽ പങ്കെടുക്കും. 451 താരങ്ങളാണ് സംസ്ഥാനത്ത് നിന്നും ഗെയിംസിൽ മാറ്റുരയ്ക്കുക. പരിശീലന ക്യാമ്പുകളുടെ ഒന്നാം ഘട്ടം പൂർത്തിയായതായി ടീമിന്റെ ഒരുക്കങ്ങൾ വിശദീകരിച്ചുകൊണ്ട് കേരള സ്പോർട്സ് കൗൺസിൽ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

**ശബരിമല**

ശബരിമലയിൽ മകരവിളക്ക് തീർഥാടനത്തിന് സമാപനം. പന്തളം രാജപ്രതിനിധിയുടെ ദർശനത്തിന് ശേഷം ഇന്ന് രാവിലെ 6.30 ഓടെയാണ് തീർത്ഥാടനം പൂർത്തിയാക്കി ക്ഷേത്ര നട അടച്ചത്. അഭൂതപൂർവമായ ഭക്തജനതിരക്കിന് സാക്ഷ്യം വഹിച്ച മണ്ഡല മകരവിളക്ക് തീർത്ഥാടനകാലത്തിനാണ് ഇതോടെ സമാപനമായത്.

&&&&&&&&&&&&&&&&&&&&&&

**.കണ്ണൂർ - അറസ്റ്റ്**

മലപ്പുറത്ത് നിറത്തിൻറെ പേരിൽ അവഹേളനത്തിന് ഇരയായി നവവധു ആത്മഹത്യ ചെയ്ത സംഭവത്തിൽ ഭർത്താവ് അബ്ദുൾ വാഹിദ് പോലീസ് പിടിയിലായി. അബുദാബിയിൽ നിന്നെത്തിയ ഇയാളെ കണ്ണൂർ

വിമാനത്താവളത്തിൽ നിന്ന് എമിഗ്രേഷൻ വിഭാഗം പിടികൂടി കൊണ്ടോട്ടി പോലീസിന് കൈമാറുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&&

<u>വിതുര പരാതി- ആരോഗ്യവകുപ്പ്</u>

തിരുവനന്തപുരം വിതുര താലൂക്ക് ആശുപത്രി ഫാർമസിയിൽനിന്ന് രോഗിക്ക് നൽകിയ ഗുളികയ്ക്കുള്ളിൽ മൊട്ടുസൂചി കണ്ടെത്തിയെന്ന പരാതി വ്യാജമെന്ന് സംസ്ഥാന ആരോഗ്യവകുപ്പ്. മൊട്ടുസൂചി ഗുളികയ്ക്കുള്ളിലായിരുന്ന ലക്ഷണമില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ഡിജിപിക്ക് പരാതി നൽകി.. പരാതിക്കാരിയുടെ എക്സ്റേ പരിശോധനയിലും ഒന്നും കണ്ടെത്താനായിരുന്നില്ല.

&&&&&&&&&&&&&&&&&&&&&&

<u>വയനാട്- തിരുനെല്ലി</u>

തിരുനെല്ലിയിൽ വീട്ടമ്മയെ പീഡിപ്പിച്ചെന്ന പരാതിയിൽ വർഗീസ് എന്ന ആളെ തിരുനെല്ലി പോലീസ് കസ്റ്റഡിയിലെടുത്തു. മാനസികാസ്വാസ്ഥ്യം മറയാക്കി ഇയാൾ നിരന്തരം ലൈംഗിക പീഡനത്തിന് വിധേയയാക്കിയെന്നാണ് യുവതിയുടെ പരാതി.

RNU TVPM

&&&&&&&&&&&&&&&&&&&&&&

<u>പോഷകസമൃദ്ധി മിഷൻ' ഇടുക്കി (ഇൻട്രോ)</u>

*<u>കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപ്പാദിപ്പിക്കുന്ന കൃഷി വകുപ്പിന്റെ 'പോഷകസമൃദ്ധി മിഷൻ' ഇടുക്കി ജില്ലയിൽ പുരോഗമിക്കുന്നു. എട്ട് ബ്ലോക്കുകളിലായി 7,000 പോഷകത്തോട്ടങ്ങളാണ് ജില്ലയിൽ ഒരുങ്ങുന്നത്.</u>*

*<u>വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........</u>*

*<u>(വോയിസ്)</u>*

&&&&&&&&&&&&&&&&&&&&&&

**മലയോര സമര പ്രചരണ യാത്ര**

പ്രതിപക്ഷനേതാവ് വി.ഡി സതീശൻ നയിക്കുന്ന യു.ഡി.എഫ് മലയോര സമര പ്രചരണ യാത്ര ശനിയാഴ്ച കണ്ണൂർ കരുവഞ്ചാലിൽ നിന്ന് ആരംഭിക്കും. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ യാത്ര ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&

**ഡോണൾഡ് ട്രംപ്**

47-ാമത് യു.എസ് പ്രസിഡൻറായി ഡോണൾഡ് ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. യുഎസ് ചീഫ് ജസ്റ്റിസ് ജോൺ റോബർട്സ് സത്യവാചകം ചൊല്ലിക്കൊടുക്കും. യുഎസ് ക്യാപിറ്റോൾ മന്ദിരത്തിനുള്ളിലെ റോട്ടൻഡ ഹാളിൽ ഇന്ത്യൻ സമയം രാത്രി 10 മണിയോടടുത്താണ് സത്യപ്രതിജ്ഞ.

ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ ചടങ്ങിൽ പങ്കെടുക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&&&

**ഓഹരി+ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 454 പോയിൻറ് നേട്ടത്തിൽ 77,073ലും, നിഫ്റ്റി 141 പോയിൻറ് നേട്ടത്തിൽ 23,345 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർധന. പവന് 120 രൂപ വർദ്ധിച്ച് 59,600 രൂപയും ഗ്രാമിന് 15 രൂപ വർദ്ധിച്ച് 7,450 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&

**പാസിംഗ് ഔട്ട് പരേഡ്**

കഴക്കൂട്ടം സൈനിക സ്കൂളിൻറെ 64-ാമത് റൈസിംഗ് ഡേയും പന്ത്രണ്ടാം ക്ലാസ് കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡും സ്കൂൾ പരേഡ് ഗ്രൗണ്ടിൽ നടന്നു. മൂന്ന് പെൺകുട്ടികൾ ഉൾപ്പെടെ എൺപത് കേഡറ്റുകളുടെ പാസിങ് ഔട്ട് പരേഡാണ് നടന്നത്.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&

RNU TVPM